**മധുരമായ കുട്ടികളേ - മായയാകുന്ന ശത്രു നിങ്ങളുടെ മുന്നിലുണ്ട് അതുകൊണ്ട് വളരെയധികം സൂക്ഷിക്കണം. അഥവാ പോകെപ്പോകെ മായയിൽ കുടുങ്ങിപ്പോയെങ്കിൽ തന്റെ ഭാഗ്യത്തിന്റെ കുറുകെ വരക്കുകയാണ്.**

**ചോദ്യം:-** നിങ്ങൾ രാജയോഗി കുട്ടികളുടെ മുഖ്യമായ കർത്തവ്യം എന്താണ്?
**ഉത്തരം:-** പഠിക്കുക, പഠിപ്പിക്കുക ഇതാണ് നിങ്ങളുടെ മുഖ്യമായ കർത്തവ്യം. ഈശ്വരീയ മതമനുസരിക്കുന്നവരാണ് നിങ്ങൾ. നിങ്ങൾക്ക് കാട്ടിലേക്ക് പോകേണ്ട ആവശ്യമില്ല. അച്ഛൻ, സമ്പത്ത്- ഈ രണ്ടു വാക്കുകളിൽ നിങ്ങളുടെ പഠിത്തം പൂർണ്ണമായും ഉൾക്കൊണ്ടിരിക്കുന്നു.

**ഓം ശാന്തി.** ബാബക്കും ബ്രഹ്മാവിലൂടെ കുട്ടികളോടു ഗുഡ്മോർണിംഗ് പറയുവാൻ സാധിക്കും. അപ്പോൾ പിന്നീട് കുട്ടികളും തിരിച്ചു പറയണം. ഇവിടെ ബാബയും കുട്ടികളും തമ്മിലുള്ള ബന്ധമാണ്. പുതുതായി വരുന്നവർ ജ്ഞാനത്തിൽ ഉറയ്ക്കുന്നതു വരെ എന്തെങ്കിലും സംശയങ്ങൾ ചോദിച്ചു കൊണ്ടിരിക്കും. ഇതു പഠനമാണ്,ഭഗവാനുവാചാ എന്നെഴുതിയിട്ടുണ്ട്. ഭഗവാൻ നിരാകാരനാണ്. മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി ബാബ ഇക്കാര്യങ്ങൾ നല്ലതു പോലെ കുട്ടികൾക്ക് പക്കയാക്കി തരുന്നു, കാരണം പുറം ലോകത്ത് മായ വളരെ ശക്തമാണ്. ഇവിടെ അങ്ങനെയില്ല. ബാബ മനസ്സിലാക്കുന്നുണ്ട് കഴിഞ്ഞകൽപ്പത്തിൽ സമ്പത്തെടുത്തവർ സ്വയം തന്നെ വരും. ഇന്നയാൾ പോകാൻ പാടില്ല, പിടിച്ചു വയ്ക്കാം അങ്ങനെയില്ല, പോകേണ്ടവർ പോകും. ഇവിടെ ജീവിച്ചിരിക്കെ മരിക്കണം. ബാബ ദത്തെടുക്കുന്നു. സമ്പത്ത് തരുന്നതിന് വേണ്ടിയാണ് ദത്തെടുക്കുന്നത്. സമ്പത്തു മോഹിച്ചാണ് കുട്ടികൾ അച്ഛനമ്മമാരുടെ അടുക്കൽ വരുന്നത്. സമ്പന്നനായ ഒരാളുടെ കുട്ടി ദത്തെടുക്കപ്പെട്ട് ഒരു ദരിദ്രന്റെ അടുക്കലേക്ക് പോകുമോ? ഇത്രയധികം ധനവും സമ്പത്തും ഉപേക്ഷിച്ചെങ്ങനെ പോകും. സമ്പന്നരാണ് സധാരണയായി ദത്തെടുക്കുന്നത്. ബാബ നമുക്ക് സ്വർഗത്തിന്റെ ചക്രവർത്തി പദവി നൽകുകയാണെന്ന് നിങ്ങൾക്കറിയാം. പിന്നെന്തുകൊണ്ട് നമുക്ക് ബാബയുടേതായിക്കൂടാ. ഓരോ കാര്യത്തിലും അത്യാഗ്രഹം വരാറുണ്ട്. പഠിപ്പ് കൂടുന്നതിനനുസരിച്ച് അത്യാഗ്രഹവും വർദ്ധിക്കും. ബാബ നമ്മളെ ദത്തെടുത്തിരിക്കുന്നത് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നതിന് വേണ്ടിയാണെന്ന് നിങ്ങൾക്കറിയാം. ബാബയും പറയുന്നു നിങ്ങളൊരോരുത്തരേയും 5000 വർഷത്തിന് മുൻപെന്ന പോലെ ഞാൻ വീണ്ടും ദത്തെടുത്തിരിക്കുകയാണ്. നിങ്ങളും പറയുന്നു ബാബ ഞാൻ ബാബയുടേതാണ്. അയ്യായിരം വർഷങ്ങൾക്ക് മുൻപും ഞങ്ങൾ അങ്ങയുടേതായിരുന്നു. പ്രാക്ടിക്കലിൽ നിങ്ങൾ എത്ര ബ്രഹ്മാകുമാരീ കുമാരന്മാരുണ്ട്. പ്രജാപിതാവും പ്രസിദ്ധനാണ്. ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകാത്തിടത്തോളം ദേവതയാകാൻ സാധിക്കില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു, നമ്മൾ ശൂദ്രരായിരുന്നു, ഇപ്പോൾ ബ്രാഹ്മണനായി വീണ്ടും ദേവതയാകും. സത്യയുഗത്തിൽ നമ്മൾ രാജ്യം ഭരിക്കും. അതുകൊണ്ട് ഈ പഴയ ലോകം തീർച്ചയായും വിനാശമാകണം. പൂർണ്ണമായും നിശ്ചയം വന്നില്ലെങ്കിൽ ഉപേക്ഷിച്ച് പോകും. ചില കുട്ടികൾ അധ:പതിച്ചു പോകുന്നു, ഇതും ഡ്രാമയിലുള്ളതാണ്. മുന്നിൽ നിൽക്കുന്ന മായയാകുന്ന ശത്രു തന്റെ ഭാഗത്തേക്ക് നമ്മളെ ആകർഷിക്കുന്നു. ബാബ അടിക്കടി ജാഗ്രതപ്പെടുത്തുന്നു, മായയിൽ കുടുങ്ങരുത്, ഇല്ലെങ്കിൽ തന്റെ ഭാഗ്യത്തിന്റെ രേഖക്കു കുറുകെ വരക്കുകയാണ്. മുൻപ് എപ്പോഴാണ് കണ്ടിട്ടുള്ളതെന്ന് ബാബയ്ക്കു മാത്രമേ ചോദിക്കാൻ സാധിക്കുകയുള്ളൂ. മറ്റാർക്കും ഇങ്ങനെ ചോദിക്കാനുള്ള ബുദ്ധിയുണ്ടാകില്ല. ബാബ പറയുന്നു എനിക്കു വീണ്ടും ഗീത കേൾപ്പിക്കുവാൻ വരേണ്ടതുണ്ട്. വന്ന് രാവണന്റെ ജയിലിൽ നിന്നും മോചിപ്പിക്കണം. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത കാര്യങ്ങൾ മനസ്സിലാക്കി തരുന്നു. ഇപ്പോൾ രാവണന്റെ രാജ്യമാണ്, പതിതരാജ്യം ആരംഭിച്ചിട്ട് അരകൽപമായി. രാവണന് 10 തലയും വിഷ്ണുവിന് നാല് കൈകളും കാണിക്കുന്നു. ഇത്തരത്തിലുള്ള മനുഷ്യരാരും തന്നെ ഇല്ല. പ്രവർത്തിമാർഗം കാണിച്ചിരിക്കുകയാണ്. ഇതാണ് ലക്ഷ്യം, വിഷ്ണുവിലൂടെ പാലന. വിഷ്ണുപുരിയെ തന്നെയാണ് കൃഷ്ണപുരിയായി കാണിച്ചിരിക്കുന്നത്. കൃഷ്ണന് രണ്ട് കൈകൾ മാത്രമേ കാണിക്കുകയുള്ളു. മനുഷ്യർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ബാബ ഓരോ കാര്യവും മനസ്സിലാക്കി തരുന്നു. അതെല്ലാം ഭക്തീമാർഗമാണ്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനമുണ്ട്, നിങ്ങളുടെ ലക്ഷ്യം തന്നെ നരനെ നാരായണനാക്കുക എന്നതാണ്. ഇത് ജീവന്മുക്തി പ്രാപ്തമാക്കുവാനുള്ള ഗീതാപാഠശാലയാണ്. ബ്രാഹ്മണർ തീർച്ചയായും വേണം. ഇതാണ് രുദ്ര ജ്ഞാനയജ്ഞം. ശിവനെ രുദ്രനെന്നും പറയുന്നു. ഇപ്പോൾ ബാബ ചോദിക്കുന്നു ജ്ഞാനയജ്ഞം കൃഷ്ണന്റേതാണോ അതോ ശിവന്റേതാണൊ? ശിവനെ പരമാത്മാവെന്ന് പറയുന്നു, ശങ്കരനെ ദേവതയെന്നാണ് പറയുക. ഭക്തർ പിന്നീട് ശിവനേയും ശങ്കരനേയും ഒന്നാക്കി കാണിച്ചിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിൽ

പ്രവേശിച്ചിരിക്കുകയാണ്. നിങ്ങൾ കുട്ടികൾ ബാപ്ദാദ എന്ന് വിളിക്കുന്നു. അവർ ശിവശങ്കരൻ എന്ന് വിളിക്കുന്നു. ജ്ഞാനസാഗരൻ ഒരാൾ മാത്രമാണ്.

ജ്ഞാനത്തിലൂടെയാണ് ബ്രഹ്മാവിൽ നിന്നും വിഷ്ണുവാകുന്നതെന്ന് നിങ്ങൾക്കറിയാം. സമാന ചിത്രങ്ങളും വരച്ചിട്ടുണ്ട്. വിഷ്ണുവിന്റെ നാഭിയിൽ നിന്നും ബ്രഹ്മാവുണ്ടായതായി കാണിച്ചിരിക്കുന്നു. ഇതിന്റെ അർത്ഥം ആർക്കും അറിയില്ല. ബ്രഹ്മാവിന്റെ കൈകളിൽ ശാസ്ത്രങ്ങൾ കാണിച്ചിരിക്കുന്നു. ശാസ്ത്രങ്ങളുടെ സാരം ബാബയാണോ ബ്രഹ്മാവാണോ കേൾപ്പിക്കുന്നത്? ഇദ്ദേഹവും മാസ്റ്റർ ജ്ഞാനസാഗരനാണ്. ബാക്കിയുള്ള ഇത്രയധികം ചിത്രങ്ങൾ യഥാർത്ഥമല്ല. അതെല്ലാം ഭക്തീമാർഗമാണ്. എട്ടും പത്തും കൈകളുള്ള മനുഷ്യരാരും തന്നെയില്ല. ഇതു പ്രവർത്തീമാർഗത്തെ കാണിച്ചിരിക്കുകയാണ്. രാവണന്റേയും അർത്ഥം പറഞ്ഞു തരുന്നു – അരകൽപം രാവണരാജ്യമാണ് – രാത്രി. അരകൽപം രാമരാജ്യമാണ് – പകൽ. ബാബ ഓരോ കാര്യവും മനസ്സിലാക്കി തരുന്നു. നിങ്ങളെല്ലാവരും ഒരച്ഛന്റെ മക്കളാണ്. ബാബ ബ്രഹ്മാവിലൂടെ വിഷ്ണുപുരി സ്ഥാപിക്കുന്നു, നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. സംഗമയുഗത്തിൽ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നത്. ദ്വാപരയുഗത്തിൽ രാജയോഗം പഠിപ്പിച്ചു എന്ന് പറയുന്നത് തെറ്റാണ്. ബാബ സത്യം പറയുന്നു. അനേകം പേർക്ക് ബ്രഹ്മാവിന്റേയും കൃഷ്ണന്റേയും സാക്ഷാത്കാരം ലഭിക്കാറുണ്ട്. ബ്രഹ്മാവിനെ വെളുത്ത വസ്ത്രധാരിയായി കാണിച്ചിരിക്കുന്നു. ശിവബാബ ബിന്ദുവാണ്. ബിന്ദുവിന്റെ സാക്ഷാത്കാരം ലഭിച്ചാലും ഒന്നും തന്നെ മനസ്സിലാകില്ല. നിങ്ങൾ പറയുന്നു നാം ആത്മാവാണ്, എന്നാൽ ആത്മാവിനെ ആര് കണ്ടിട്ടുണ്ട്, ആരും കണ്ടിട്ടില്ല. മനസ്സിലാക്കാൻ സാധിക്കുമല്ലോ? ആര് ഏതു ഭാവനയോടെ ആരെ പൂജിക്കുന്നുവോ അവരുടെ സാക്ഷാത്കാരം ലഭിക്കും. അഥവാ ഇനി രൂപം കണ്ടാലും സംശയിച്ചു പോകും. ഹനുമാന്റെ പൂജ ചെയ്താൽ ഹനുമാന്റെ സാക്ഷാത്കാരം ലഭിക്കും. ഗണേശന്റെ പൂജാരിക്ക് അതുപോലെ കാണപ്പെടും. ബാബ ചോദിക്കുകയാണ് ഞാൻ നിങ്ങളെ ഇത്രയും ധനവാനാക്കി, വജ്രങ്ങളുടേയും രത്നങ്ങളുടേയും കൊട്ടാരം നൽകി നിങ്ങൾക്ക് അളവില്ലാത്ത ധനം ഉണ്ടായിരുന്നു, നിങ്ങൾ അതെല്ലാം എവിടെ നഷ്ടപ്പെടുത്തി? ഇപ്പോൾ നിങ്ങൾ ദരിദ്രരായി മാറി, ഭിക്ഷ യാചിക്കുന്നു. ബാബക്കിങ്ങനെ പറയുവാൻ സാധിക്കുമല്ലോ? ബാബ വന്നിരിക്കുകയാണെന്നിപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി. നമ്മൾ വീണ്ടും വിശ്വത്തിന്റെ അധികാരികളായി മാറുകയാണ്. ഈ നാടകം അനാദിയായി തയ്യാറാക്കിയതാണ്. ഓരോരുത്തരും ഡ്രാമയിൽ അവരവരുടെ പാർട്ടഭിനയിച്ചുകൊണ്ടിരിക്കുകയാണ്, ആരെങ്കിലും ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുക്കുന്നതിൽ കരയാനെന്തിരിക്കുന്നു. സത്യയുഗത്തിൽ ഒരിക്കലും കരയില്ല. ഇപ്പോൾ നിങ്ങൾ മോഹാജീത്തായി മാറിക്കൊണ്ടിരിക്കുന്നു. ഈ ലക്ഷ്മീ നാരായണൻമാർ മോഹാജീത്ത് രാജക്കന്മാരാണ്. അവിടെ മോഹമില്ല. ബാബ പലപ്രകാരത്തിലുള്ള കാര്യങ്ങൾ മനസ്സിലാക്കിതരുന്നു. ബാബ നിരാകാരനാണ്. മനുഷ്യർ ബാബയെ നാമരൂപത്തിൽ നിന്നും വേറിട്ടതാണെന്ന് പറയുന്നു. എന്നാൽ നാമരൂപത്തിൽ നിന്നും വേറിട്ടതായി ഒരു വസ്തുവും ഇല്ല. അല്ലയോ ഭഗവാനെ, ഗോഡ്ഫാദർ എന്നെല്ലാം വിളിക്കാറുണ്ട്. അപ്പോൾ പേരും രൂപവുമായില്ലേ. ശിവലിംഗത്തെ ശിവപരമാത്മാവെന്നും, ശിവബാബയെന്നും വിളിക്കാറുണ്ട്. പിതാവാണല്ലോ, അച്ഛനാണെങ്കിൽ കുട്ടികളും ഉണ്ടാകും. നിരാകാരനെ നിരാകാരനായ ആത്മാവ് തന്നെയാണ് ബാബാ എന്ന് വിളിക്കുന്നത്. ക്ഷേത്രത്തിൽ പോകുമ്പോൾ ഈശ്വരനെ ബാബ എന്ന് വിളിക്കുന്നു പിന്നീട് വീട്ടിൽ വരുമ്പോൾ ലൗകിക പിതാവിനെയും ബാബ എന്ന് വിളിക്കുന്നു. നമ്മളെന്തിനാണ് ഈശ്വരനെ പിതാവെന്ന് വിളിക്കുന്നത് ഇത് മനസ്സിലാക്കുന്നില്ല. ഏറ്റവും വലിയ പഠിത്തം ബാബ രണ്ട് അക്ഷരത്തിൽ പഠിപ്പിക്കുന്നു – അള്ളാഹുവും സമ്പത്തും. അള്ളാഹുവിനെ ഓർമ്മിക്കൂ എങ്കിൽ ചക്രവർത്തി പദവി നിങ്ങൾക്ക് ലഭിക്കും. വളരെ ഉയർന്ന പരീക്ഷയാണിത്. മനുഷ്യർ വലിയ പരീക്ഷ പാസായിക്കഴിഞ്ഞാൽ പിന്നീട് ആദ്യം പഠിച്ച കാര്യങ്ങൾ ഓർമ്മിക്കാറില്ല. പഠിച്ചു കഴിയുമ്പോൾ അവസാനം സാരം മാത്രം ബുദ്ധിയിൽ ഓർമ്മിക്കും. ഇവിടേയും അങ്ങനെയാണ്. നിങ്ങൾ പഠിക്കുവാൻ വന്നിരിക്കുന്നു. അന്തിമത്തിൽ ബാബ പറയും മന്മനാഭവ, പിന്നീട് ദേഹത്തിന്റെ അഭിമാനം ഇല്ലാതാകും. മന്മനാഭവയായിരിക്കുവാനുള്ള ശീലം വന്നുകഴിഞ്ഞാൽ പിന്നെ അവസാനം ബാബയും സമ്പത്തും മാത്രം ഓർമ്മ നിൽക്കും. ഇതു തന്നെയാണ് മുഖ്യമായ കാര്യം. എത്ര സഹജമാണിത്. ലൗകിക പഠിത്തത്തിലും ഇന്നത്തെക്കാലത്ത് എന്തെല്ലാം പഠിക്കുന്നു. ഭരിക്കുന്ന ആൾ അവരവർക്കനുസരിച്ചുള്ള നിയമം നടപ്പാക്കുന്നു. പണ്ട് പറ, നാഴി, ഇടങ്ങഴി എന്ന കണക്കായിരുന്നു. ഇപ്പോൾ കിലോ എന്നെല്ലാം പറഞ്ഞ് എന്തെല്ലാം വന്നു. പല പല നാടുകളായി. ഡൽഹിയിൽ ഒരു രൂപക്കു ലഭിക്കുന്ന സാധനം ബോംബേയിൽ രണ്ടു രൂപക്കാണ് ലഭിക്കുന്നത്. ഓരോരുത്തരും വിചാരിക്കുന്നു ഞങ്ങൾ ഞങ്ങളുടെ നാടിനെ പട്ടിണിക്കിടില്ല. എത്ര മാത്രം കലഹങ്ങൾ നടക്കുന്നു, എത്ര പ്രശ്നങ്ങളാണ്.

ഭാരതം എത്ര മാത്രം സമ്പന്നമായിരുന്നു പിന്നീട് 84 ജന്മങ്ങൾ എടുത്ത് ദരിദ്രമായിപ്പോയി. വജ്രസമാനമായ ജീവിതത്തിനെ കക്കക്ക് പിറകേപോയി കളഞ്ഞു എന്ന് പറയാറുണ്ട്. ബാബ ചോദിക്കുന്നു നിങ്ങൾ കക്കക്കു

പിറകെ പോയി എന്തിനാണ് മരിക്കുന്നത്. ഇപ്പോൾ ബാബയിൽ നിന്നും സമ്പത്തെടുക്കൂ, പാവനമാകൂ. ഇതിൽ നിന്നും വ്യക്തമാണ് പാവനമായിരുന്നു, ഇപ്പോൾ അല്ല. ഇപ്പോൾ കലിയുഗമാണ്, ബാബ പറയുന്നു ഞാൻ പാവനലോകം പണിതുകഴിഞ്ഞാൽ പിന്നെ പതീത ലോകം തീർച്ചയായും നശിക്കും. അതുകൊണ്ട് മഹാഭാരതയുദ്ധം ഈ രുദ്രജ്ഞാന യജ്ഞത്തിൽ നിന്നും പ്രജ്വലിതമായതാണ്. വിനാശം നടക്കുക എന്നത് ഡ്രാമയിൽ ഉള്ളതാണ്. ബാബയ്ക്ക് ആദ്യം സാക്ഷാത്കാരമുണ്ടായി. ഇത്രയും വലിയ രാജ്യം ലഭിക്കുകയാണെന്നറിഞ്ഞപ്പോൾ സന്തോഷം ഉണ്ടായി, പിന്നീട് വിനാശത്തിന്റെ സാക്ഷാത്കാരവും ഉണ്ടായി. മന്മനാഭവ, മദ്ധ്യാജീഭവ ഇവ ഗീതയിലെ അക്ഷരമാണ്. ഗീതയിലെ ചില ചില വാക്കുകൾ ശരിയാണ്. ബാബയും പറയുന്നു ഞാൻ നിങ്ങൾക്ക് കേൾപ്പിച്ചു തരുന്ന ഈ ജ്ഞാനം പിന്നീട് പ്രായലോപമാകും. ഈ ലക്ഷ്മീ നാരായണന്റെ രാജ്യം ഉണ്ടായിരുന്നപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല എന്ന കാര്യം ആർക്കും അറിയില്ല. ആ സമയത്ത് ജനസംഖ്യ വളരെ കുറവായിരുന്നു ഇപ്പോൾ കൂടി. ഈ മാറ്റം സംഭവിക്കണം. വിനാശം തീർച്ചയായും വരും. മഹാഭാരത യുദ്ധവും നടക്കും, ഭഗവാനും തീർച്ചയായും വരും. ശിവബാബ എന്തു ചെയ്തിട്ടാണ് ശിവജയന്തി ആഘോഷിക്കുന്നത്? അതും അറിയില്ല. ഗീത കേട്ടിട്ടാണ് കൃഷ്ണന്റെ ആത്മാവിനും രാജ്യം ലഭിച്ചത് എന്ന് ബാബ ഇപ്പോൾ പറഞ്ഞു തരുന്നു. ഗീതയെ മാതാ-പിതാവെന്നും പറയും. ഗീത കേട്ടിട്ടാണ് നിങ്ങൾ ദേവീദേവതയാകുന്നത്, അതുകൊണ്ട് കൃഷ്ണൻ ഗീത കേൾപ്പിക്കുന്നില്ല എന്ന് ചിത്രങ്ങളിലും കാണിക്കുന്നു. ഗീതാജ്ഞാനത്തിലൂടെ രാജയോഗം പഠിച്ചാണ് കൃഷണൻ ഇങ്ങനെയായത്. നാളെ കൃഷ്ണൻ വീണ്ടും വരും. അവർ പിന്നെ ശിവബാബയ്ക്ക് പകരം കൃഷ്ണന്റെ പേര് കൊടുത്തിരിക്കുന്നു. ബാബ മനസ്സിലാക്കിതരുന്നു - ആരെങ്കിലും ആവശ്യമില്ലാത്ത കാര്യങ്ങൾ കേൾപ്പിച്ചാൽ നിങ്ങൾ വീഴരുത് ഇക്കാര്യം ഉള്ളിൽ ഉറപ്പിക്കണം. ഒരുപാടു ചോദ്യങ്ങൾ ചോദിക്കാറുണ്ട്, വികാരമില്ലാതെ സൃഷ്ടി എങ്ങനെ മുന്നോട്ടു പോകും. ഇതെങ്ങനെ സംഭവിക്കും? നോക്കൂ, നിങ്ങൾ തന്നെയല്ലേ പറയുന്നത്- അത് നിർവ്വികാരീ ലോകമാണ്. സമ്പൂർണ്ണനിർവ്വികാരികളാണ്. പിന്നെങ്ങനെ വികാരം ഉണ്ടായിരിക്കും? പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു എന്ന കാര്യം ഇപ്പോൾ നിങ്ങൾക്കറിയാം. പിന്നെന്തുകൊണ്ട് ബാബയെ ഓർമ്മിക്കുന്നില്ല. ഇതു തന്നെയാണ് പതീത ലോകം. കുംഭമേളയിൽ എത്രയോ ലക്ഷം പേർ വരുന്നു. ഇപ്പോൾ പറയുന്നത് അവിടെ ഒരു നദി ഗുപ്തമാണ് എന്നാണ്. നദിയെങ്ങനെ ഗുപ്ത്മാകും. ഇവിടേയും ഗോമുഖം ഉണ്ടാക്കി വച്ചിട്ടുണ്ട്. ഗംഗ ഇവിടേയും ഒഴുന്നുണ്ട് എന്നാണ് പറയുന്നത്. ഗംഗ തന്റെ വഴിയിലൂടെ സമുദ്രത്തിലേക്കു പോകുമോ അതോ ഇവിടെ നിങ്ങളുടെ അടുത്ത് പർവ്വതത്തിലേക്കു വരുമോ? ഭക്തീമാർഗത്തിൽ എത്രമാത്രം കഷ്ടപ്പെടുന്നു, ജ്ഞാനം, ഭക്തി, വൈരാഗ്യം. പരിധിയുള്ള വൈരാഗ്യവും , പരിധിയില്ലാത്ത വൈരാഗ്യവും ഉണ്ട്. സന്ന്യാസിമാർ വീടും കുടുംബവും ഉപേക്ഷിച്ച് കാട്ടിൽ പോകുന്നു, ഇവിടെ അങ്ങനെയൊരു കാര്യവും ഇല്ല. നിങ്ങൾ ബുദ്ധിയിൽ നിന്നും മുഴുവൻ പഴയ ലോകവും സന്ന്യസിക്കുന്നു. രാജയോഗികളായ നിങ്ങൾ കുട്ടികളുടെ മുഖ്യമായ കർത്തവ്യമാണ് പഠിക്കുക, പഠിപ്പിക്കുക. രാജയോഗം കാട്ടിലൊന്നുമല്ല പഠിപ്പിക്കുന്നത്. ഇത് സ്കൂളാണ്. ശാഖകൾ തുറന്നുകൊണ്ടേയിയിരിക്കുന്നു. നിങ്ങൾ കുട്ടികൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുന്നു. ശിവബാബയിൽ നിന്നും പഠിക്കുന്ന ബ്രാഹ്മണ-ബ്രാഹ്മണിമാർ പിന്നീട് പഠിപ്പിക്കുന്നു. ഒരു ശിവബാബ തന്നെ ഇരുന്ന് എല്ലാപേരേയും പഠിപ്പിക്കുന്നില്ല. ഇതാണ് പാണ്ഡവ ഗവൺമെന്റ്. നിങ്ങൾ ഈശ്വരീയ മതമനുസരിക്കുന്നവരാണ്. ഇവിടെ നിങ്ങൾ എത്ര ശാന്തരായാണിരിക്കുന്നത്, പുറത്ത് എത്ര മാത്രം പ്രശ്നങ്ങളാണ്. അഞ്ച് വികാരങ്ങളെ ദാനം നൽകിയാൽ ഗ്രഹപ്പിഴ ഇല്ലാതാകും എന്ന് ബാബ പറയുന്നു. എന്റേതാകൂ എങ്കിൽ ഞാൻ നിങ്ങളുടെ സർവ്വ മനോകാമനകളും പൂർത്തിയാക്കും. നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ സുഖധാമത്തിലേക്കു പോകുന്നു, പിന്നീട് ദുഃഖധാമത്തിന് തീ പിടിക്കും. കുട്ടികൾ വിനാശത്തിന്റെ സാക്ഷാത്കാരം ചെയ്തിട്ടുണ്ട്. ഇപ്പോൾ സമയം വളരെ കുറവാണ് അതുകൊണ്ട് ഓർമ്മയുടെ യാത്രയിൽ മുഴുകൂ എങ്കിൽ വികർമ്മം വിനാശമാകും ഉയർന്നപദവിയും ലഭിക്കും.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും-പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ സമ്പത്തിന്റെ പൂർണ്ണ അവകാശിയാകുന്നതിന് വേണ്ടി ജീവിച്ചിരിക്കെ മരിക്കണം. ദത്തെടുക്കപെട്ടവരാകണം. തന്റെ ഉയർന്ന ഭാഗ്യത്തിനു കുറുകേ ഒരിക്കലും വരക്കരുത്.

2) ആവശ്യമില്ലാത്ത കാര്യങ്ങൾ കേട്ട് സംശയിക്കരുത്. അൽപ്പം പോലും നിശ്ചയം ഇളകരുത്. ഈ ദുഃഖധാമത്തിന് തീ പിടിക്കും അതുകൊണ്ട് ഇവിടെ നിന്നും ബുദ്ധിയോഗം വേർപെടുത്തണം.

## വരദാനം:- വിശേഷതയാകുന്ന സഞ്ജീവനി മരുന്നിലൂടെ മോഹാലസ്യപ്പെട്ടവരെ ഉണർത്തുന്ന വിശേഷആത്മാവായി ഭവിക്കട്ടെ.

ഓരോ ആത്മാവിനും ശ്രേഷ്ഠസ്മൃതിയുടെ, വിശേഷതകളാകുന്ന സ്മൃതിയുടെ സഞ്ജീവനി മരുന്ന് കഴിപ്പിക്കൂ, എങ്കിൽ അവർ മോഹാലസ്യത്തിൽ നിന്ന് ഉണർന്നവരാകും. വിശേഷതകളുടെ സ്വരൂപത്തിന്റെ കണ്ണാടി അവർക്കു മുന്നിൽ വെക്കൂ. മറ്റുള്ളവർക്കു സ്മൃതിയുണർത്തുന്നതിലൂടെ താങ്കൾ വിശേഷാത്മാവായി തന്നെ മാറും. അഥവാ താങ്കൾ ആരെയെങ്കിലും കുറവുകൾ കേൾപ്പിക്കുകയാണെങ്കിൽ അവർ ഒളിപ്പിക്കും, മറച്ചുവെക്കും. താങ്കൾ വിശേഷത കേൾപ്പിക്കൂ എങ്കിൽ സ്വയം തന്ന തന്റെ ദുർബലത സ്പഷ്ടമായി അനുഭവം ചെയ്യും. ഇതേ സഞ്ജീവനി മരുന്നിലൂടെ മോഹാലസ്യപ്പെട്ടവരെ ഉണർത്തി പറന്നുകൊണ്ടിരിക്കൂ, പറത്തിക്കൊണ്ടിരിക്കൂ.

## സ്ലോഗൻ:- പേര്, സ്ഥാനം, മഹിമയെയും സാധനങ്ങളെയും സങ്കൽപത്തിൽ പോലും ത്യാഗം ചെയ്യുന്നതാണ് മഹാത്യാഗം

**അവ്യക്തസൂചനകൾ: സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**

നിമിത്തമായിട്ടുള്ള കുട്ടികൾക്ക് വിശേഷിച്ച് തന്റെ ഓരോ സങ്കൽപങ്ങളുടെ മേലും ശ്രദ്ധ നൽകണം, താങ്കളുടേത് നിർവികൽപ, നിർവ്യർത്ഥ സങ്കൽപമെങ്കിൽ ബുദ്ധി ശരിയായ നിർണയം ചെയ്യും, നിർണയം ശരിയെങ്കിൽ നിവാരണവും സഹജമായി ചെയ്യാം. നിവാരണം ചെയ്യുന്നതിനു പകരം അഥവാ താങ്കൾ തന്നെ കാരണം, കാരണം പറഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ താങ്കളുടെ പിറകെ വരുന്നവരും കാരണം പറഞ്ഞുകൊണ്ടിരിക്കും.